# ഇന്ത്യൻ യൂത്ത് ഓർഗനൈസേഷൻ ഫുട്ട് ബോൾ ടൂർണമെന്റിൽ ബാസൽവൺ ജേതാക്കൾ



ബാസൽ : ഫുട്ബോൾ ആരാധകരെ ആവേശത്തിന്റെ മുൾമുനയിൽ നിറുത്തി ഇഞ്ചോടിഞ്ച് പോരാട്ടം നടന്ന വാശിയേറിയ ഫൈനൽ മത്സരത്തിൽ ബാസൽ വൺ ചാമ്പ്യാന്മാരായി. ഫസ്റ്റ് റണ്ണർ അപ് ബാഡ്ബോയ്സ് സൂറിച്ച്, സെക്കന്റ് റണ്ണർ അപ് ലോസ് പെറോസ് ലോകോസ് എന്നീ ടിമുകൾ കരസ്ഥമാക്കി.



ബാസൽ വൺ ടിമിലെ പ്രിൻസ് പുലിക്കോട്ടിൽ ബെസ്റ്റ് പ്ലെയർ, രാജേഷ് മണ്ണഞ്ചേരി ബെസ്ററ് ഗോളി, ഡൊപ്പൽ എ ടിമിലെ പ്രിൻസ് കാപ്പാനി ടോപ്സ്കോറർ, എന്നീ സ്ഥാനങ്ങൾക്കുള്ള ട്രോഫികൾ നേടി.



ബാസൽ കണക്ഷഡ്, ഡൊപ്പൽ എ , ബാസൽ വൺ, ബാഡ് ബോയ്സ് , യങ്‌സ്റ്റേർസ് യുണൈറ്റഡ് , അവഞ്ചേഴ്സ് യുണൈറ്റഡ് , ബ്ലാസ്റ്റേഴ്സ് യുണൈറ്റഡ്, ബാസൽ സെന്റ് ജർമൈൻ, ലോസ് പെറോസ് ലോകോസ്, ചികിറ്റാസ്, ഇന്ത്യൻ ബുൾസ് എന്നി ടിമുകളാണ് ബാസലിലെ റാങ്ക് ഹോഫ് സ്റ്റേഡിയത്തിൽ ആവേശം വിതറിയത്.




രാജേഷ് മണ്ണഞ്ചേരി (ക്യാപ്റ്റൻ), സന്ദിപ് എബ്രഹാം തെങ്ങിൽ, പ്രിൻസ് പുലിക്കോട്ടിൽ, ലെയോ വള്ളാടിയിൽ, നിതിൻ ജോസഫ്, ജെറോം പതിപ്പാട്ട്, സനൽ ആലപ്പാട്ട്, പ്രജിത് കടവിൽ, റിൻസൺ മാങ്കുടിയിൽ, ജെസ്‌വി കളപ്പുരയിൽ എന്നിവരാണ് ബാസൽ വൺ ടിമിൽ ജേഴ്സി അണിഞ്ഞത്.

ജോമി കൊറ്റത്തിൽ (ക്യാപ്റ്റൻ ), ആൽബിൻ പുലിക്കോട്ടിൽ, ഡേവിഡ് പാറേക്കാടൻ, ഫ്രെഡിൻ പുലിക്കോടൻ, ജെയ്മസ് തൈക്കാട്ടിൽ, ജെയ്സൺ തൈക്കാട്ടിൽ, ജെഫിൻ ജോസഫ്, റോബർട് മൂലൻ, റോബിൻ മൂലൻ, സഞ്ജയ് കുളങ്ങര എന്നിവരാണ് ബാഡ് ബോയ്സ് ടിമിനു വേണ്ടി കളിക്കളത്തിൽ ഇറങ്ങിയത്.

ജെറി കുരുത്തുകുളങ്ങര (ക്യാപ്റ്റൻ ), അനിൽ കളപ്പുരക്കൽ, ക്രിസ്റ്റോ ചെറുപറമ്പിൽ, ചാൾസ് ചെറുപറമ്പിൽ, ഷിനോ വലിയവീട്ടിൽ, ക്രിസ്റ്റി ചിറമേൽ, ഹാൻസ് തലത്തറ, സിവിൻ മഞ്ഞളി, ജിയോ പുന്നക്കൽ, ഫ്രാൻസ് ചേന്നംപറമ്പിൽ എന്നിവരാണ് ലോസ് പെറോസ് ലോകോസ് ടിമിനു വേണ്ടി പോരാട്ടം നടത്തിയത്.

രാവിലെ ഒൻപത് മണിക്കാരംഭിച്ച മത്സരങ്ങൾ വൈകിട്ട് എട്ടു മണിക്ക് സമാപിച്ചു. പൂർണ്ണതയിലും കൃത്യനിഷ്ഠയിലും മികവ് പുലർത്തിയ ഇന്ത്യൻ യൂത്ത് ഓർഗനൈസേഷൻ ഭാരവാഹികൾ അഭിനന്ദനം അർഹിക്കുന്നു. കളികളുടെ തത്സമയ പ്രക്ഷേപണം ഫെയ്സ് ബുക്കിലൂടെ നടത്തിയത് ധാരാളം പേർ കണ്ടുകൊണ്ടിരുന്നതും ടൂർണമെന്റിന്റെ വിജയത്തിന് തിളക്കം കൂട്ടി.

പ്രസിഡണ്ട് ജെറോം പതിപ്പാട്ട്, സെക്രട്ടറി ആതിര കാശംകാട്ടിൽ, സ്പോർട്സ് സെക്രട്ടറി ലെയൊ വള്ളാടിയിൽ എന്നിവരുടെ നേതൃത്വത്തിൽ കെൻ വടക്കുംചേരി, കിരൺകുമുള്ളിൽ, പ്രിൻസ് പുലികോട്ടിൽ, രാജേഷ് മണ്ണഞ്ചേരി, സന്ദിപ് അബ്രാഹം തെങ്ങിൽ, റോഷ്നി കാശാംകട്ടിൽ, പ്രിൻസ് പുലികോട്ടിൽ, എന്നി ഭാരവാഹികളും ഒറ്റക്കെട്ടായി പ്രവർത്തിച്ചപ്പോൾ ടൂർണമെന്റ് വൻ വിജയമായി.